**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 478** **17-09-2025 - ൽ മറുപടിയ്ക്ക്**

**മാത്ര-പാലാഴി-കുറ്റിക്കാട്ടൂർ റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുകയും ചെയ്ത മാത്ര-പാലാഴി-കുറ്റിക്കാട്ടൂർ റോഡ് പ്രവൃത്തി ഡെഫർ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | മാത്ര – പാലാഴി കുറ്റിക്കാട്ടൂർ റോഡ് പ്രവൃത്തി ഡെഫർ ചെയ്യാൻ തീരുമാനിച്ചിട്ടില്ല. |
| (ബി) | റോഡ് വീതി കൂട്ടാൻ പൊതുമരാമത്ത് വകുപ്പ് തുക അനുവദിക്കുകയും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയതിനാൽ ആയത് ഒഴിവാക്കി കിഫ്ബി പദ്ധതി പ്രകാരമുള്ള നടപടികൾ ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | മാത്ര – പാലാഴി കുറ്റിക്കാട്ടൂർ റോഡ് പ്രവൃത്തിയുടെ stretch 2 - ന്റെ പാലാഴി NH 66 മുതൽ കുറ്റിക്കാട്ടൂർ വരെയുള്ള ഡ്രാഫ്റ്റ് അലൈൻമെന്റ് കിഫ്ബി TRC പദ്ധതി നിർവഹണ ഏജൻസി ആയ കെ.ആർ.എഫ്.ബി ക്ക നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവഹണ ഏജൻസി DPR കിഫ്ബിക്ക സമർപ്പിക്കുന്ന മുറക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. ധനാനുമതി ലഭ്യമായതിനു ശേഷം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി പദ്ധതി നിർവഹണ ഏജൻസിക്ക മുന്നോട്ട് പോകാവുന്നതാണ്. |
| (സി) | ഏറെ ഗതാഗതക്കുരുക്കുള്ള പ്രസ്തുത റോഡ് വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകാമോ? | (സി) | മാത്ര – പാലാഴി കുറ്റിക്കാട്ടൂർ റോഡ് പ്രവൃത്തിയുടെ stretch 2 - ന്റെ പാലാഴി NH 66 മുതൽ കുറ്റിക്കാട്ടൂർ വരെയുള്ള ഡ്രാഫ്റ്റ് അലൈൻമെന്റ് കിഫ്ബി TRC പദ്ധതി നിർവഹണ ഏജൻസി ആയ കെ.ആർ.എഫ്.ബി ക്ക നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവഹണ ഏജൻസി DPR കിഫ്ബിക്ക സമർപ്പിക്കുന്ന മുറക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | ധനാനുമതി ലഭ്യമായതിനു ശേഷം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി പദ്ധതി നിർവഹണ ഏജൻസിക്കു മുന്നോട്ട് പോകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ